ജൈവകൃഷി

153 (1522) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; സംസ്ഥാനത്ത് എത്ര ഏക്കറിൽ ജൈവകൃഷി ചെയ്തു വരുന്നു ;

(ബി) ഇപ്പോൾ ജൈവവളം കർഷകർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനമാണുള്ളത് ; ഇതിന്റെ ഉല്പാദനം, ശേഖരണം, വിതരണം എന്നിവ എപ്രകാരമാണ് നടക്കുന്നത് ;

(സി) ജൈവ കൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; കഴിഞ്ഞ മൂന്നുവർഷം എത്ര ടൺ കാർഷിക ഉല്പന്നങ്ങൾ ഇപ്രകാരം സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട് ;

(ഡി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന കർഷകർക്ക് സബ്സിഡി നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഘട്ടം ഘട്ടമായി കേരളത്തെ ഒരു സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കി മാറ്റുവാൻ ലക്ഷ്യമിട്ടുകൊണ്ട് സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം എന്ന പരിപാടിയുടെ നടത്തിപ്പ് ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തുതല കാർഷിക വികസന സമിതിയോഗങ്ങൾ, പഞ്ചായത്തുതല കർഷകരുടെ യോഗങ്ങൾ, വിവരശേഖരണം, എം.എൽ.എ. മാരുടെ അദ്ധ്യക്ഷതയിൽ ഓരോ നിയോജക മണ്ഡലത്തിലും കൃഷി അനുബന്ധ മേഖലാ ഉദ്യാഗസ്ഥർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ എന്നിവയെ പങ്കെടുപ്പിച്ചു കൊണ്ടുള്ള യോഗങ്ങൾ എന്നിവ നടത്തുന്നു. ഓരോ നിയോജക മണ്ഡലത്തിനും അനുയോജ്യമായ കർമ്മപരിപാടികൾ ക്രോഡീകരിച്ച് ജില്ലാതലത്തിൽ ഒരു പ്ലാൻ ഓഫ് ആക്ഷൻ ഉണ്ടാക്കുന്നതാണ്. കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നിവ മുഖേനയും സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 46 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ കഴിഞ്ഞ 3 വർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി 'കൃഷി ബിസിനസ്സ് കേന്ദ്ര' എന്ന പേരിൽ ഒരു നഴ്സറി പ്രവർത്തിച്ചുവരുന്നു. ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ, ജൈവവളങ്ങൾ, പൂച്ചെടികൾ, ജൈവ രോഗകീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവയും വിതരണം ചെയ്തുവരുന്നു. കഴിഞ്ഞ 3 വർഷങ്ങളിലായി ഒരു കോടിയിൽപ്പരം പച്ചക്കറിത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. നഗരപ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, വിഷ വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി 2004 മുതൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇപ്പോൾ ഏകദേശം 40,000 (നാൽപ്പതിനായിരം) ഏക്കറിൽ ജൈവ കൃഷി ചെയ്തുവരുന്നു.

(ബി) ജൈവ വള ഉല്പാദനവും വിതരണവും കേന്ദ്ര ഗവൺമെന്റിന്റെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരമാണ് ഇപ്പോൾ നടന്നു വരുന്നത്. ഇതിനായി ഉല്പാദനത്തിനും, വിതരണത്തിനും കൃഷി വകുപ്പ് ലൈസൻസ് നൽകുന്നുണ്ട്. ഇതുവഴി ഗുണമേന്മയുള്ള ജൈവ വളം വിപണിയിലൂടെ കർഷകർക്കു ലഭ്യമാണ്.

(സി) ഉണ്ട്. കഴിഞ്ഞ 3 വർഷത്തിനുള്ളിൽ 68 ടൺ ഉല്പന്നങ്ങൾ സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

ജൈവ ജില്ലയായ കാസർഗോഡ് ജില്ലയിൽ 2012-13 മുതൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് വിവിധ ഘടകങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ട്. കർഷകന്റെ കൃഷിയിടങ്ങളിൽത്തന്നെ ജൈവ വളം ഉല്പാദിപ്പിക്കുന്നതിന് റൂറൽ കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ് എന്നിവയുടെ നിർമ്മാണത്തിനും ജൈവ കൃഷിയുടെ പ്രാധാന്യവും വിവിധ രീതികളും കർഷകർക്കു മനസ്സിലാക്കി കൊടുക്കുന്ന മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും കർഷക ക്ലസ്റ്ററുകൾ രൂപീകരിച്ച് പച്ചക്കറി, വാഴ എന്നിവ ജൈവ രീതിയിൽ കൃഷി ചെയ്യുന്നതിനും സബ്സിഡി അനുവദിക്കുന്നുണ്ട്.

കൂടാതെ, ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ജൈവ കൃഷി നടപ്പിലാക്കുന്നതിനും ജൈവ സർട്ടിഫിക്കേഷനും കേന്ദ്ര ഗവൺമെന്റ് സബ്സിഡി അനുവദിച്ചിട്ടുണ്ട്. 2014-15-ൽ മലപ്പുറം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ ജില്ലകളിൽ പദ്ധതി അനുവദിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ ആഭിമുഖ്യത്തിൽ 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി. ഹെക്ടറിന് 15,000 രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്.

കയ്യാട് സമഗ്ര വികസന പദ്ധതി

154 (1523) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

കൃഷിവകുപ്പിന് കീഴിൽ കയ്യാട് സമഗ്ര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രോജക്ടിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

കൃഷിവകുപ്പിന് കീഴിൽ കയ്യാട് സമഗ്ര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കാർഷിക സർവ്വകലാശാല അസോസിയേറ്റ് പ്രൊഫസർ തയ്യാറാക്കിയ പ്രോജക്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടിയെക്കുറിച്ചുള്ള വിവരം കൃഷിവകുപ്പിൽ ലഭ്യമല്ല.

മണലൂർ നിയോജകമണ്ഡലത്തിലെ 'നിറവ്' പദ്ധതി പ്രവൃത്തികൾ

155 (1524) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽ 'നിറവ് 'പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടങ്ങളിലാണെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly